**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **01-03-2023 - ൽ മറുപടിയ്ക്ക്**

**കിച്ചൺ-കം-സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിച്ചൺ-കം-സ്റ്റോർ പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തുക ലഭിക്കാത്ത അവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കിച്ചൺ-കം-സ്റ്റോർ പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള 203 സ്കൂളുകളിൽ 194 സ്ക്കുളുകൾക്ക് തുക ലഭിച്ചിട്ടുണ്ട് .7 സ്കൂളുകൾക്ക് പൂർണ്ണമായും 2 സ്ക്കുളുകൾക്ക് ഭാഗികമായും തുക ലഭ്യമായിട്ടില്ല .ട്രഷറി അലോട്ട്മെന്റായി അനുവദിച്ച തുക മാറിയെടുക്കുന്നതിലും സ്പെഷ്യൽ റ്റി .എസ് .ബി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക പിൻവലിക്കുന്നതിനും ഉണ്ടായിട്ടുള്ള ചില സാങ്കേതിക പ്രശ്നങ്ങളാണ് ടി 9 സ്കൂളുകൾക്ക് തുക ലഭ്യമാവാത്തതിന് കാരണം .എന്നാൽ പ്രസ്തുത സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| (ബി) | പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച സ്കൂളുകൾക്ക് തുക ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് കിച്ചൺ-കം-സ്റ്റോർ പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള 203 സ്കൂളുകളിൽ 194 സ്ക്കുളുകൾക്ക് തുക ലഭിച്ചിട്ടുണ്ട് .7 സ്കൂളുകൾക്ക് പൂർണ്ണമായും 2 സ്ക്കുളുകൾക്ക് ഭാഗികമായും തുക ലഭ്യമായിട്ടില്ല .ട്രഷറി അലോട്ട്മെന്റായി അനുവദിച്ച തുക മാറിയെടുക്കുന്നതിലും സ്പെഷ്യൽ റ്റി .എസ് .ബി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക പിൻവലിക്കുന്നതിനും ഉണ്ടായിട്ടുള്ള ചില സാങ്കേതിക പ്രശ്നങ്ങളാണ് ടി 9 സ്കൂളുകൾക്ക് തുക ലഭ്യമാവാത്തതിന് കാരണം .എന്നാൽ പ്രസ്തുത സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് പഞ്ചായത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയിട്ടും നാളിതുവരെ തുക ലഭിക്കാത്ത സ്കൂളുകൾക്ക് ആയത് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് പഞ്ചായത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയിട്ടും തുക ലഭിക്കാത്ത സ്കൂളുകൾ ഉള്ള കാര്യം സർക്കാർ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ